# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 185**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഉത്തമ കാര്യവിചാരകരായി ലോകത്തിൽ ഇടയശുശ്രൂഷ നിർവ്വഹിക്കുന്നതിന് വിളിക്കപ്പെട്ടവരാണ് പട്ടക്കാർ. ദൈവജനത്തെ ആദ്ധ്യാത്മികാഭിവൃദ്ധിയിലേക്ക് നയിക്കുന്നതിനും സുവിശേഷ സാക്ഷ്യത്തിൽ സജ്ജരാക്കുന്നതിനും നിയോഗിതരായി ശുശ്രൂഷ നിർവ്വഹിക്കുന്ന എല്ലാ വൈദികരെയും ഓർത്ത് പ്രാർത്ഥിക്കാം.

സഭയിലെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സാമ്പത്തികമായി സഹായിക്കുന്നതിനു വേണ്ടിയുള്ള ക്രമീകരണമാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി സ്തോത്രകാഴ്ച. OP ചികിത്സയുടെ സഹായധനം 50,000 രൂപായും IP ചികിത്സയ്ക്കായി ഗ്രൂപ്പ് ഇൻഷുറൻസിലൂടെ 3 ലക്ഷം രൂപായും പരമാവധി കവറേജ് ഓരോ വർഷവും ലഭിക്കുന്നതാണ്. 85 വയസ്സിനു മുകളിലുള്ള പട്ടക്കാർക്ക് സഭാ ഓഫീസിൽ നിന്നുള്ള പ്രത്യേക മെഡിക്കൽ എയ്ഡ് സ്കീം തുടരുന്നതാണ്.

2026 ജൂൺ മാസം 14–ാം തീയതി ഞായറാഴ്ച സഭയായി പട്ടക്കാരുടെ ചികിത്സാ സഹായനിധിയിലേക്കുള്ള സ്തോത്രകാഴ്ച ശേഖരിക്കുന്നതിനായി വേർതിരിച്ചിരിക്കുന്നു. അന്നേ ദിവസം ശുശ്രൂഷാമദ്ധ്യേ കവറുകളിൽ ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ഇതിനായി ശേഖരിക്കുന്ന പ്രത്യേക സംഭാവനകളും കഴിവതും വേഗം സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കണം. സ്തോത്രകാഴ്ച ഇനത്തിൽ ഈ വർഷം 40 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത്. എല്ലാ ഇടവകാംഗങ്ങളും ഈ സ്തോത്രകാഴ്ച ശേഖരണത്തിൽ ആത്മാർത്ഥമായി സഹകരിക്കണം.

2026 ഏപ്രിൽ 1 മുതൽ നിലവിലെ മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ സബ്സ്ക്രിപ്ഷൻ നിരക്ക് 4% ൽ നിന്നും 5% ആയി വർദ്ധിപ്പിച്ച വിവരം 176–ാം സർക്കുലർ മുഖേന ഏവരേയും അറിയിച്ചിട്ടുള്ളതാണല്ലോ. ഓരോ പട്ടക്കാരനും അടിസ്ഥാന ശമ്പളത്തിന്റെ 5% വും അച്ചന്മാർ ശുശ്രൂഷ ചെയ്യുന്ന ഇടവക / സ്ഥാപനം അടിസ്ഥാന ശമ്പളത്തിന്റെ 5% വും വരിസംഖ്യയായി ചികിത്സാ സഹായ നിധിയിലേക്ക് അതാത് മാസത്തിന്റെ 30–ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഇന്ത്യയ്ക്ക് വെളിയിലുള്ള ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാർ തങ്ങൾക്ക് ലഭ്യമാകുന്ന അലവൻസുകൾ ഉൾപ്പടെയുള്ള മുഴുവൻ ശമ്പളത്തിൽ നിന്നും 2% തുക ഈ ചികിത്സാ സഹായ നിധിയിൽ അടയ്ക്കേണ്ടതാണ്. വരിസംഖ്യ മുൻകൂറായും അടയ്ക്കാവുന്നതാണ്. സജീവ സേവനത്തിലുള്ള എല്ലാ പട്ടക്കാരും ഈ ചികിത്സാ സഹായ പദ്ധതിപ്രകാരം തങ്ങളുടെ വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതാണ്. കുടിശ്ശിക ഇല്ലാതെ കൃത്യമായി വരിസംഖ്യ അടയ്ക്കുന്ന പട്ടക്കാർക്ക് മാത്രമേ ഈ പദ്ധതിയിൽനിന്നും സഹായധനം ലഭിക്കുകയുള്ളു എന്നും ഓർമ്മിപ്പിക്കുന്നു. റിട്ടയർ ചെയ്തവരും, രോഗഗ്രസ്ഥരായി വിശ്രമിക്കുന്നവരുമായ പട്ടക്കാരുടെ പെൻഷൻ/അലവൻസിന്റെ 4% കുറവ് ചെയ്ത് പെൻഷൻ/അലവൻസ് നൽകു ന്നതായിരിക്കും.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുവാൻ ദൈവം സഹായിക്കട്ടെ.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് 12 – ാം തീയതി തിരുവല്ല പൂലാത്തിനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 185**

Blessings to all the vicars, resident clergy, trustees
and members of all the parishes under our authority.

Dearly beloved in Christ,

The priests are called to carry out the pastoral ministry in the world as good stewards in the body of Christ, which is the Church. Let us pray for the Clergy who are entrusted with the ministry to lead God's people to spiritual growth and to equip them to bear witness to the gospel.

The Clergy Medical Aid Fund Offering is an arrangement made to provide financial aid for clergy and their family members in times of illness. Under this scheme, a maximum of  50,000 per year is provided for OP treatment. A group insurance policy offers up to  3,00,000 per year for IP treatment. A special medical aid scheme from the Sabha office continues to be available for clergy above 85 years of age.

As a Church, we have set aside Sunday, June 14, 2026, as the day to collect this offering toward the Clergy Medical Aid Fund. Parish office bearers are requested to ensure that all offerings collected during worship including those received in envelopes and any special contributions received for this cause are remitted promptly to the Sabha office. This year, the expected total offering under this category is  40 lakhs. All parish members are kindly urged to participate sincerely in this offering.

It has already been informed through Circular No. 176 that, with effect from 1 April 2026, the contribution of the existing medical insurance scheme has been increased from 4% to 5%. Each clergyperson must contribute 5% of their basic salary to this fund. The parish/ institution where they serve must also contribute an additional 5% of their basic salary. These monthly contributions must be paid to the Sabha office by the 30th of each month. Clergy serving outside India are required to contribute 2% of their total salary, including allowances, to the Medical Assistance Fund. The contribution can also be paid in advance. All active clergy are obligated to pay their due share under this scheme. Only those clergy who pay regularly and without arrears will be eligible for assistance from this fund. The contributions from retired clergy will continue as per the established pattern. In the case of retired clergy and those on medical leave due to illness, pension/allowance will be disbursed after deducting 4% from their pension/allowance.

Beloved, may God strengthen our clergy in body, mind, and spirit to serve for the glory of His name.

May God's grace be with you all,

Dated 12th May 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**